(ബി) ഉണ്ട്.

(സി) തെക്കൻ പാട്ടുകൾ ഒരു പഠനം എന്ന പുസ്തകം കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാടൻ പാട്ടുകൾ എന്ന പേരിൽ കേരള ഫോക്‌ലോർ അക്കാദമി പുസ്തകങ്ങൾ സീരീസായി പ്രസിദ്ധീകരിച്ചു വരുന്നു. ഈ പാതയിലെ ആദ്യപടിയായി കേരള സംഗീത നാടക അക്കാദമി ആലപ്പുഴ ജില്ലയിലെ നാടൻപാട്ടുകളും കലാരൂപങ്ങളും ഉൾപ്പെടുത്തി വാമൊഴി വഴക്കം എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്.

(ഡി) പ്രാചീന സാഹിത്യ ഗ്രന്ഥങ്ങൾ ഇയർബുക്കായി പ്രസിദ്ധീകരിക്കുവാൻ കേരള സാഹിത്യ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്. നാടൻപാട്ടുകൾ കണ്ടെത്തി തനിമ നഷ്ടപ്പെടാതെ വരുംകാലത്തേക്ക് സൂക്ഷിച്ചുവയ്ക്കാൻ ഓഡിയോ വീഡിയോ റെക്കോർഡ് ചെയ്യുവാനുള്ള ശ്രമം കേരള ഫോക്‌ലോർ അക്കാദമി ആരംഭിച്ചിട്ടുണ്ട്.

'തിരുവനന്തപുരത്തിന്റെ ഇതിഹാസം' മാതൃകയാക്കൽ

65 [380] ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച 'തിരുവനന്തപുരത്തിന്റെ ഇതിഹാസ'ത്തിന്റെ മാതൃകയിൽ ജില്ലകളിലും ഗ്രാമങ്ങളിലും ചരിത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇങ്ങനെ പ്രസിദ്ധീകരിക്കുന്ന ചരിത്രഗ്രന്ഥങ്ങളിൽ ചരിത്രപരമായും സാംസ്കാരികമായും മുന്നിൽ നിൽക്കുന്ന ഇരിങ്ങാലക്കുടയ്ക്ക് മുൻഗണന നൽകുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരത്തിന്റെ ഇതിഹാസത്തിന്റെ മാതൃകയിൽ മറ്റ് ജില്ലകളുടെ ഇതിഹാസ ഗ്രന്ഥങ്ങൾ രചിക്കുന്നതിനും അതിന് സ്പോൺസർമാരെ കണ്ടെത്തുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണങ്ങളുടെ വിതരണം

66 [381] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിൻകീഴിൽ വരുന്ന സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന സംസ്കാര കേരളം, വിജ്ഞാനകൈരളി, സാഹിത്യലോകം തുടങ്ങിയ വൈജ്ഞാനിക പ്രസിദ്ധീകരണങ്ങൾ നിലവിലുള്ള സർക്കാർ സംവിധാനം വഴിയല്ലാതെ സ്വകാര്യ ഏജൻസികൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly